**അബൂസ്വാലിഹ**

## ഹെലൻ കളങ്കപ്പെടുത്തിക്കൊണ്ടേയിരുന്നാൽ എന്തു ചെയ്യും!



**അമേരിക്കയിലെ** മുതിർന്ന പത്രപ്രവർത്തകയും വൈറ്റ് ഹൗസ് റിപ്പോർട്ടറുമായിരുന്ന 90-കാരി ഹെലൻ തോമസിനെതിരെ വീണ്ടും സയണിസ്റ്റ് ലോബി. ഫലസ്ത്വീനികളുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദിച്ചതിന് 'സെമിറ്റിക് വിരുദ്ധത' ആരോപിച്ച് ഇവരെ ജൂതലോബി കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന പല ആനുകൂല്യങ്ങളും നിർത്തലാക്കി. ഏറ്റവുമൊടുവിൽ ഡെട്രോയിറ്റിലെ വെയ്ൻ സ്റ്റേറ്റ് യൂനിവേഴ്സിറ്റി പത്തു വർഷമായി മികച്ച പത്രപ്രവർത്തനത്തിന് ഹെലന്റെ പേരിൽ നൽകി വന്ന സ്പിരിറ്റ് ഓഫ് ഡൈവേഴ്സിറ്റി അവാർഡും നിർത്തലാക്കിയിരിക്കുന്നു. ഹെലന്റെ വർത്തമാനങ്ങൾ യൂനിവേഴ്സിറ്റിയെ കളങ്കപ്പെടുത്തുന്നുണ്ടത്രെ. 'അമേരിക്കൻ കോൺഗ്രസ്, വൈറ്റ് ഹൗസ്, ഹോളിവുഡ്, വാൾസ്ട്രീറ്റ് ഇവയെല്ലാം സയണിസ്റ്റുകൾ കൈവശപ്പെടുത്തിയ സ്ഥാപനങ്ങളാണ്.' ഇതാണ് 'കളങ്കമുണ്ടാക്കിയ' ഹെലന്റെ ഒടുവിലത്തെ വർത്തമാനം!

## ഹിജാബ് വിവാദം തീരുന്നില്ല




**തെക്ക്** പടിഞ്ഞാറൻ ഫ്രാൻസിൽ ടൂൾസ് നഗരത്തിലെ പ്രൈമറി സ്കൂൾ അധ്യാപികയെ ഹിജാബ് അണിഞ്ഞ് വന്നതിന്റെ പേരിൽ സ്ഥാപനത്തിൽ നിന്ന് പുറത്താക്കി. ഈ നടപടിയെ 'ഫ്രഞ്ച് ഇസ്‌ലാമോഫോബിയ വിരുദ്ധ സമിതി' കടുത്ത ഭാഷയിൽ വിമർശിച്ചു. ഹിജാബ് രാജ്യത്തിന്റെ സെക്യുലർ മൂല്യ സങ്കൽപത്തെ തകർക്കുമെന്നാണ് അധികൃതരുടെ വാദം. സ്കൂൾ അവധിക്കാലത്ത് ഇസ്‌ലാം സ്വീകരിക്കാനിടയായ അധ്യാപിക പുതിയ അധ്യയന വർഷത്തിൽ ഹിജാബണിഞ്ഞ് ജോലിക്കെത്തിയതാണ് പ്രശ്നമായത്.

## ഇറാഖിൽ സയണിസ്റ്റ് കുടിയേറ്റ പദ്ധതി

**ഇറാഖിന്റെ** ഒരു ഭാഗം കൈവശപ്പെടുത്തി അവിടെ ജൂത കോളനി സ്ഥാപിക്കാൻ സയണിസ്റ്റുകൾ അമേരിക്കൻ ഒത്താശയോടെ ശ്രമിക്കുകയാണെന്ന് അമേരിക്കൻ പത്രപ്രവർത്തകൻ വെയ്ൻ മാഡിസൺ. 'വിശാല ഇസ്രയേൽ' എന്ന ഗൂഢ പദ്ധതിയുടെ ഭാഗമാണത്രെ ഇത്. ഇസ്രയേലിലുള്ള കുർദ് വംശജരായ ജൂതന്മാരെ മൗസ്വിൽ, നീനവി തുടങ്ങിയ പ്രദേശങ്ങളിലെത്തിക്കുകയാണ് ഇതിന്റെ ആദ്യപടി. 2003-ന് ശേഷം കുർദുകളായ ജൂതന്മാർ ഈ മേഖലയിൽ ഭൂമി വാങ്ങിക്കൂട്ടുന്നുണ്ടെന്നും വെയ്ൻ മാഡിസൺ വെളിപ്പെടുത്തുന്നു. മൗസ്വിൽ, അർബീൽ, ഹംദാനിയ്യ, തെൽ അസ്ഖൂഫ്, ഖർറ ഖൂശ്, അഖ്റ എന്നിവിടങ്ങളിലെ കൽദാനി ക്രിസ്ത്യാനികളെ കുർദ് മിലീഷ്യകളുടെ സഹായത്തോടെ മൊസാദ് ബലം പ്രയോഗിച്ച് ഒഴിപ്പിക്കുകയാണെന്നും അദ്ദേഹം പറയുന്നു.



അമേരിക്കയുടെ പൂർണ അറിവോടെയാണത്രെ ഈ ജൂതകോളനി നിർമാണം (ഫലസ്ത്വീനിലും തുടക്കത്തിൽ നടന്നത് ഇതുതന്നെയായിരുന്നു). ജലാൽ ത്വാലിബാനിയുടെയും മസ്ഊദ് ബാറാസാനിയുടെയും നേതൃത്വത്തിലുള്ള പ്രധാന ഇറാഖി കുർദു സംഘടനകൾക്കും ഈ പദ്ധതിയെക്കുറിച്ച് വിവരമുണ്ട്. ■

## ജൂത കോടീശ്വരന്റെ ഹോബി



**ജൂത** കോടീശ്വരന്മാരിലൊരാളായ നാസിർ ദാവൂദ് ഖലീലി ഹോളണ്ട് തലസ്ഥാനമായ ആംസ്റ്റർഡാമിൽ ഇസ്‌ലാമിക കലാരൂപങ്ങളുടെ പ്രദർശനം നടത്തുന്നു. മുസ്ഹഫ്, അറബി കാലിഗ്രഫി, ആഭരണങ്ങൾ, സെറാമിക് മാതൃകകൾ എന്നിവ ഉൾപ്പെടെ 500-ലധികം കലാരൂപങ്ങളാണ് പ്രദർശനത്തിന് വെച്ചിരിക്കുന്നത്. ഒരു ഘട്ടത്തിൽ ലോകം അടക്കിവാണ ഇസ്‌ലാമിക സംസ്കാരത്തിന്റെ ശോഭനമായ മറുവശം കാണിച്ചു കൊടുക്കുകയാണ് തന്റെ ഉദ്ദേശ്യമെന്ന് അദ്ദേഹം പറയുന്നു.

ഇറാനി വംശജനാണ് നാസിർ ദാവൂദ് ഖലീലി. 1967-ൽ ഉപരിപഠനാർഥം ന്യൂയോർക്കിലേക്ക് പോയി. പിന്നെ ബ്രിട്ടനിൽ താമസമാക്കി. ഇക്കാലയളവിലാണ് അപൂർവമായ ഇസ്‌ലാമിക കലാരൂപങ്ങൾ ശേഖരിക്കാൻ തുടങ്ങിയത്. പ്രദർശനം 2011 ഏപ്രിൽ 17 വരെ നീണ്ടുനിൽക്കും.

## ദാർഫൂർ വേറിട്ട് പോകരുതെന്ന് തുറാബി



**2010** ജനുവരി 9-ന് ഹിതപരിശോധന നടക്കുന്ന പക്ഷം ദക്ഷിണ സുഡാൻ സ്വതന്ത്ര രാഷ്ട്രമായിത്തീരുമെന്ന് ഏറക്കുറെ ഉറപ്പായിരിക്കെ, കിഴക്കൻ സുഡാനായ ദാർഫൂറിലും വിഭജനവാദം ശക്തിപ്പെടുമെന്ന് കടുത്ത ആശങ്ക. "ദാർഫൂർ വേറിട്ട് പോകുന്നതിനെ ഞാനൊരിക്കലും പിന്തുണച്ചിട്ടില്ല, പിന്തുണക്കുകയുമില്ല." സുഡാൻ

പ്രസിഡന്റ് ഉമറുൽ ബശീറിന്റെ മുഖ്യപ്രതിയോഗിയായ ഡോ. ഹസൻ തുറാബി *അൽജസീറ* നെറ്റിനോട് പറഞ്ഞു. പ്രതിപക്ഷ പാർട്ടിയായ പോപുലർ കോൺഗ്രസിന്റെ നേതാവായ തുറാബി ദക്ഷിണ സുഡാൻ വിഭജന വാദത്തെ പിന്തുണച്ചിരുന്നു. ദാർഫൂർ കലാപകാരികൾക്ക് അദ്ദേഹം പിന്തുണ നൽകുന്നതായും ആരോപണം ഉയർന്നിരുന്നു.

തന്റെ പാർട്ടിയുടെ ദേശീയ സമ്മേളനം ഉടൻ വിളിച്ച് ചേർക്കുമെന്നും ഒരു ദിവസം മുഴുവൻ ഈ വിഷയമാവും ചർച്ച ചെയ്യുകയെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണ സുഡാനിൽ നിന്നുള്ള പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. പുതിയ രാഷ്ട്രം പിറന്നാൽ അവിടെ പാർട്ടി എങ്ങനെ പ്രവർത്തിക്കും എന്നതിനെ കുറിച്ച് ചർച്ച ചെയ്യും.

വിഭജനാനന്തര ദക്ഷിണ സുഡാനെക്കുറിച്ച് തനിക്ക് കടുത്ത ആശങ്കയുണ്ടെന്നും തുറാബി പറഞ്ഞു. പ്രബല ഗോത്രങ്ങളുടെ പിടിയിലാണ് ആ പ്രദേശം. നടപ്പിലുള്ളതാകട്ടെ സൈനിക ഭരണക്രമവും. ഇത് രണ്ടും ജനകീയ പങ്കാളിത്തമുള്ള വികസനത്തിന് വലിയ തടസ്സം സൃഷ്ടിക്കും. അവിടെ ആഭ്യന്ത കലാപം പൊട്ടിപ്പുറപ്പെടാതിരിക്കാനായിരിക്കും തന്റെ പാർട്ടി ശ്രമിക്കുകയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## അബ്ദുല്ല രാജാവ് ആശുപത്രി വിട്ടു



**ന്യൂയോർക്കിൽ** ചികിത്സയിലായിരുന്ന സുഊദി ഭരണാധികാരി അബ്ദുല്ല രാജാവ് ആശുപത്രി വിട്ടു. അദ്ദേഹം ആരോഗ്യം വീണ്ടെടുത്തതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. നട്ടെല്ലിന് ക്ഷതമേറ്റതിനെ തുടർന്ന് ശസ്ത്രക്രിയക്ക് വേണ്ടിയാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ന്യൂയോർക്കിൽ പ്രകൃതി ചികിത്സ കൂടി കഴിഞ്ഞ ശേഷമേ അദ്ദേഹം നാട്ടിലേക്ക് മടങ്ങൂ.

86 കാരനായ അബ്ദുല്ല രാജാവ് 2005ലാണ് അധികാരമേറ്റെടുത്തത്. സുസ്ഥിര ഭരണം നിലവിൽ വന്നതിന് ശേഷമുള്ള സുഊദി അറേബ്യയിലെ ആറാമത്തെ ഭരണാധികാരിയാണ് അദ്ദേഹം. കിരീടാവകാശി സുൽത്വാനുബ്നു അബ്ദിൽ അസീസിനാണ് ഇപ്പോൾ ഭരണച്ചുമതല.

## 'മർമറ' തിരിച്ചെത്തി

***ഗസ്സക്കെതിരെയുള്ള*** ഇസ്രയേലി ഉപരോധം ഭേദിക്കുന്നതിന് വേണ്ടി തുർക്കി അയച്ച 'ഫ്രീഡം ഫ്ളോട്ടില' എന്ന കപ്പൽ വ്യൂഹത്തിലെ മർമറ എന്ന കപ്പൽ തുർക്കി തുറമുഖമായ ഇസ്കന്ദറൂനിൽ തിരിച്ചെത്തി. ഈ വ്യൂഹത്തിൽ മൂന്ന് കപ്പലുകളാണുണ്ടായിരുന്നത്. ഇസ്രയേൽ സേന നടത്തിയ വെടിവെപ്പിൽ മർമറ കപ്പലിലെ തുർക്കി വംശജനായ ഒരു അമേരിക്കക്കാരൻ ഉൾപ്പെടെ എട്ട് തുർക്കികൾ വധിക്കപ്പെട്ടിരുന്നു. തുർക്കി-ഫലസ്ത്വീനി പതാകകൾ കെട്ടി തുറമുഖത്ത് നങ്കൂരമിട്ട മർമറക്ക് ആവേശകരമായ വരവേൽപാണ് ലഭിച്ചത്.



ഫ്രീഡം ഫ്ളോട്ടില സംഭവത്തിന് ഒരു വർഷം തികയുന്ന 2011 മെയ് 31-ന് മറ്റൊരു കപ്പൽ വ്യൂഹത്തെ കൂടി ഉപരോധം ഭേദിക്കുന്നതിന് പറഞ്ഞയക്കുമെന്ന് സംഘാടകർ അറിയിച്ചു. മർമറ ഉൾപ്പെടെ അതിൽ 50 കപ്പലുകൾ ഉണ്ടാകും.

## ടുണീഷ്യൻ നഗരങ്ങളിൽ പ്രതിഷേധം പടരുന്നു



**തൊഴിലില്ലായ്മക്കെതിരെ** ടുണീഷ്യയിലെ ചെറുപ്പക്കാർ തെരുവിലിറങ്ങുന്നു. ബൂസിയാൻ നഗരത്തിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ ഒരു ചെറുപ്പക്കാരൻ കൊല്ലപ്പെട്ടു. കഴിഞ്ഞ ഡിസംബർ 17-ന് ബൂയസീദ് നഗരത്തിലാണ് പ്രതിഷേധത്തിന് തുടക്കം. മുഹമ്മദ് ബൂ അസീസി എന്ന ബിരുദധാരിയായ ചെറുപ്പക്കാരൻ  തൊഴിലൊന്നുമില്ലാതെ കുറെക്കാലം അലഞ്ഞതിന് ശേഷം, ഉപജീവനത്തിന് ഉന്തുവണ്ടിയിൽ പഴങ്ങളും പച്ചക്കറികളും വിൽക്കാൻ തുടങ്ങി. ഇത് നിയമവിരുദ്ധമാണെന്ന് പറഞ്ഞ് അധികൃതർ ഉന്തുവണ്ടിയിറക്കുന്നത് വിലക്കി. ജീവിക്കാൻ വഴിയൊന്നും കാണാതെ ആ ചെറുപ്പക്കാരൻ ദേഹത്ത് പെട്രോളൊഴിച്ച് തീകൊളുത്തി ആത്മഹത്യ ചെയ്തു. ഇതാണ് പ്രതിഷേധത്തിന് തിരികൊളുത്തിയത്.

ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടും തൊഴിലൊന്നും ലഭിക്കാത്ത ചെറുപ്പക്കാരുടെ എണ്ണം വളരെക്കൂടുതലാണ് ടുണീഷ്യയിൽ. ബൂ യസീദ് പോലെ പറ്റെ അവഗണിക്കപ്പെട്ട പ്രദേശങ്ങളിലാണ് പ്രതിഷേധം രൂക്ഷം. കഴിഞ്ഞ 23 വർഷമായി സൈനുൽ ആബിദീൻ ബിൻ അലി എന്ന ഏകാധിപതിയുടെ കിരാത വാഴ്ചയിൽ സകല മേഖലകളിലും പിന്നോട്ടടിക്കുകയായിരുന്നു ടുണീഷ്യ. മുഖ്യപ്രതിപക്ഷമായ ഡമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടിക്ക് പാർലമെന്റിൽ ഒരു സീറ്റ് പോലുമില്ല. ■